**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

നം.WM3/272/2023-LSGD-Part(1)
തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്
തിരുവനന്തപുരം,
തീയതി: 06-10-2025

**<u>സർക്കുലർ</u>**

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ്- ഇ-മാലിന്യം - ശേഖരണം- മാർഗ്ഗരേഖ- സംബന്ധിച്ച്

സൂചന:- സർക്കുലർ നമ്പർ WM3/272/2023-LSGD-Part(1) തീയതി,06/07/2025

ഇ-വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2022 (റൂൾ 8 ) പ്രകാരം ബൾക്ക് പ്രൊഡ്യൂസേഴ്സ് നേരിട്ട് തന്നെ ഇ-മാലിന്യം റീസൈക്ലർക്ക് കൈമാറണമെന്നും പൊതു സ്ഥലങ്ങളിൽ ഉപേക്ഷിക്കപ്പെട്ട വസ്തുക്കളുടെ ശേഖരണം, വേർതിരിക്കൽ, സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കൽ, തരം തിരിച്ച് ശേഖരിച്ച് അംഗീകൃത റീസൈക്ലറിനോ റീഫർബിഷറിനോ കൈമാറൽ തുടങ്ങിയവ ഓരോ തദ്ദേശ സ്ഥാപനങ്ങളുടെയും ഉത്തരവാദിത്വമാണ്. നിലവിൽ ആപത്ക്കര ഇ-മാലിന്യം ഉൾപ്പെടെയുള്ള ഇ-മാലിന്യം അനധികൃത ശേഖരണ കച്ചവടക്കാർക്ക് കൈമാറുകയും അവർ അതിൽ നിന്നും മൂല്യമുള്ളത് എടുത്തതിന് ശേഷം മറ്റ് ആപത്ക്കര ഇ-മാലിന്യങ്ങളായ ട്യൂബ് ലൈറ്റ്, പിക്ച്ചർ ട്യൂബ് തുടങ്ങിയവ ജലസ്രോതസ്സിലേക്കും പൊതു സ്ഥലത്തേക്കും വലിച്ചെറിയുന്ന പ്രവണതയും കണ്ട് വരുന്നു. ഈ ഒരു പ്രവണത തടയുന്നതിന് ഇ-മാലിന്യം സമ്പൂർണമായി ശേഖരിക്കാനുള്ള ക്രമീകരണം കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. അജൈവ പാഴ് വസ്തു ശേഖരണ കലണ്ടർ പ്രകാരം സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ഹരിത കർമ്മ സേന മുഖേന വർഷത്തിൽ 2 തവണ ഇ-മാലിന്യം ശേഖരിക്കുന്നതിനുള്ള ക്രമീകരണമുണ്ട്. ഇ-മാലിന്യം കൃത്യമായി ഹരിതകർമ്മസേനക്ക് കൈമാറാൻ ഉപഭോക്താക്കളെ പ്രേരിപ്പിക്കാനുള്ള വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾക്കാണ് രൂപം നൽകിയിട്ടുള്ളത്. പുനഃചംക്രമണ യോഗ്യമായ ഇ-മാലിന്യ ശേഖരണം - എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും ഉപഭോക്താക്കൾക്ക് വില നൽകി ശേഖരിക്കുന്ന രീതിയാണ് നിലവിൽ നടപ്പാക്കി വരുന്നത്. വീടുകളിലും സ്ഥാപനങ്ങളിലും നിന്നും പുനഃചംക്രമണ യോഗ്യമായ ഇ-മാലിന്യം വില നൽകി ഹരിത കർമ്മ സേന ശേഖരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറുമ്പോൾ അതിനുള്ള വില ക്ലീൻ കേരള കമ്പനി ഹരിതകർമ്മ സേനക്ക് നൽകുന്നതാണ്. ഈ പദ്ധതി 2025 ജൂലൈ 15 മുതൽ എല്ലാ നഗരസഭകളിലും കോർപ്പറേഷനുകളിലും നടപ്പിലാക്കി വരുന്നുണ്ട്. 2025 ഒക്ടോബർ മാസം മുതൽ സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകൾ ഉൾപ്പെടെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കേണ്ടതുണ്ട്. അതിന്റെ ഭാഗമായി തദ്ദേശസ്വയം ഭരണ സ്ഥാപന തലത്തിൽ ഇ-മാലിന്യം സമ്പൂർണമായി ശേഖരിക്കുന്നതിനും ശാസ്ത്രീയ പരിപാലനം ഉറപ്പാക്കുന്നതിനും ചുവടെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

## I. തദ്ദേശ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ സ്വീകരിക്കേണ്ട നടപടികൾ

1. വീടുകളിലും സ്ഥാപനങ്ങളിലും നിന്നും ശേഖരിക്കുന്ന ഇ-മാലിന്യങ്ങളുടെ പട്ടികയും അവയിൽ പുനഃചംക്രമണ സാധ്യമായതും ആപത്കരവുമായ ഇ-മാലിന്യങ്ങൾ ഏതൊക്കെ, പുനഃചംക്രമണ സാധ്യമായവയുടെ ഇനം തിരിച്ചുള്ള വില വിവരം, ശേഖരിക്കുന്ന മാസം, തിയതി, തുടങ്ങിയ വിവരങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിന് വിപുലമായ പ്രചാരണം സംഘടിപ്പിക്കേണ്ടതാണ്.

2. ആപത്കര ഇ-മാലിന്യങ്ങളായ ട്യൂബ് ലൈറ്റ്, ബൾബ്, ബാറ്ററി തുടങ്ങിയവ പൊട്ടിച്ച് പുറത്തേക്ക് വലിച്ചെറിഞ്ഞാൽ ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെ പറ്റിയും ഇ-മാലിന്യം വലിച്ചെറിയുന്നവർക്കെതിരെയുള്ള നിയമ നടപടികളെ കുറിച്ചുള്ള അവബോധം ജനങ്ങളിലുണ്ടാക്കുന്നതിന് വിപുലമായ ബഹുജന വിദ്യാഭ്യാസ പരിപാടി സംഘടിപ്പിക്കുക. ഇ-മാലിന്യത്തിന്റെ ശാസ്ത്രീയ പരിപാലനം സംബന്ധിച്ച് ജനങ്ങളുടെ അവബോധം ഉയർത്തുന്നതിന് ഓരോ പ്രദേശത്തിനും അനുയോജ്യ രീതികളിലൂടെ ബഹുജന വിദ്യാഭ്യാസം സംഘടിപ്പിക്കുക.

3. ഹരിത കർമ്മ സേന ഇ-മാലിന്യ ശേഖരണത്തിന് ഇറങ്ങുന്ന ദിവസത്തിന് കുറഞ്ഞത് ഒരാഴ്ച മുന്നേ എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ശേഖരണ വിവരവും മറ്റ് വിശദാംശങ്ങളും ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

4. വിവിധ സാമൂഹ്യ സംഘടനകൾ, വ്യാപാരി - വ്യവസായി സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ, കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനം തുടങ്ങി സാമൂഹ്യ സ്വാധീനമുള്ള എല്ലാ സംഘടനകളുടേയും ക്രിയാത്മക പങ്കാളിത്തം പ്രചാരണത്തിലും സംഘാടനത്തിലും ഉറപ്പാക്കുക. ഇതിനായി ഓരോ വിഭാഗത്തിന്റേയും പ്രത്യേകം യോഗങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

5. ഇ-മാലിന്യ ശേഖരണത്തിനായി ഹരിത കർമ്മ സേന അംഗങ്ങൾക്ക് പ്രത്യേക പരിശീലനം നൽകുക. ഏതൊക്കെ തരം ഇ-മാലിന്യങ്ങളാണ് ശേഖരിക്കേണ്ടത്, പുന:ചംക്രമണ സാധ്യമായവ, അപകടകരമായവ, സംഭരണം, ട്രാൻസ്പോർട്ടേഷൻ, തുടങ്ങിയവ സംബന്ധിച്ച് വ്യക്തത, ഇ-മാലിന്യ ശേഖരണം-കൈമാറ്റം-കടത്ത് വേളകളിൽ പാലിക്കേണ്ട സുരക്ഷാ മാർഗ്ഗങ്ങൾ, ഓരോ ഇ-മാലിന്യത്തിന്റെയും വില, തെറ്റായ രീതിയിൽ ഇ-മാലിന്യം കൈകാര്യം ചെയ്താലുള്ള നിയമ നടപടികൾ, തുടങ്ങിയവയാണ് പരിശീലനത്തിൽ ഊന്നൽ നൽകേണ്ടത്. ഇത് സംബന്ധിച്ച പരിശീലനം നൽകുന്നതിന് ശുചിത്വ മിഷന്റേയും ക്ലീൻ കേരള കമ്പനിയുടേയും സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്.

6. ഹരിത കർമ്മ സേന അംഗങ്ങൾക്ക് ഇതിനാവശ്യമായ രസീത് ബുക്കുകൾ, വെയിംഗ് മെഷിൻ, ഇ പോസ് മെഷീൻ തുടങ്ങി എല്ലാ സൗകര്യങ്ങളും നൽകണം. കൂടാതെ മാലിന്യം അതത് ദിവസങ്ങളിൽ തന്നെ സംഭരണ കേന്ദ്രത്തിലേക്ക് എത്തിക്കുന്നതിന് ആവശ്യമായ വാഹന

സൗകര്യം ലഭ്യമാക്കേണ്ടതാണ്.

7. പുന:ചംക്രമണ സാധ്യമായ ഇ-മാലിന്യം വില നൽകി ശേഖരിക്കുന്നതിനായി ഒരു നിശ്ചിത തുക ശേഖരണം ആരംഭിക്കുന്നതിന് മുമ്പ് ഹരിത കർമ്മ സേനയ്ക്ക് ലഭിക്കുന്നതിന് നടപടി സ്വീകരിക്കുക. ഈ തുക ഹരിത കർമ്മ സേനയുടെ കൺസോർഷ്യം ഫണ്ടിൽ നിന്നോ തദ്ദേശ സ്വയം ഭരണസ്ഥാപനത്തിന്റെ തനത് ഫണ്ടിൽ നിന്നോ നൽകാവുന്നതാണ്. കൺസോർഷ്യം ഫണ്ട് ഇല്ലാത്ത തദ്ദേശ സ്ഥാപനങ്ങൾ തനത് ഫണ്ടിൽ നിന്നും അഡ്വാൻസ് തുക നൽകുകയും ഇ-മാലിന്യം ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറുമ്പോൾ ലഭിക്കുന്ന വിലയിൽ നിന്നും മുൻകൂറായി ചിലവഴിച്ച തുക തിരിച്ച് പിടിക്കാവുന്നതുമാണ്.

8. വീടുകളിൽ നിന്നും ശേഖരിക്കുന്ന ആപത്കര ഇ-മാലിന്യം ക്ലീൻ കേരള കമ്പനിക്ക് കൈമാറുമ്പോൾ അത് സംസ്കരിക്കുന്നതിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള തുക തദ്ദേശ സ്ഥാപനങ്ങൾ ക്ലീൻ കേരളാ കമ്പനിക്ക് നൽകേണ്ടതാണ്.

9. ഇ-മാലിന്യ ശേഖരണം ഫലപ്രദമാക്കുന്നതിന് ബന്ധപ്പെട്ട ജീവനക്കാരുടേയും ഹരിത കർമ്മ സേനയുടേയും റിവ്യൂ യോഗങ്ങൾ കൃത്യമായ ഇടവേളകളിൽ നടത്തുക. കൂടാതെ എല്ലാ ദിവസവും കൃത്യമായ റിപ്പോർട്ടിങ് നടത്തുന്നതിനുള്ള ഒരു സിസ്റ്റം ഉണ്ടാകണം.

10. 15 ദിവസം മുതൽ ഒരു മാസം വരെ ഇ-മാലിന്യം സംഭരിച്ച് വെയ്ക്കുന്നതിന് ശേഷിയുള്ള എം.സി.എഫ്/കണ്ടെയ്നർ എം.സി.എഫ്-കൾ ഉണ്ടാകണം. ഇതിനായി കണ്ടെയ്നർ എം.സി.എഫ്-കൾഅല്ലെങ്കിൽ MCF-ൽ ഇതിനു വേണ്ടി പ്രത്യേക സ്ഥലം കോർപറേഷനിൽ കുറഞ്ഞത് 3 എണ്ണവും നഗരസഭയിലും ഗ്രാമ പഞ്ചായത്തിലും കുറഞ്ഞത് ഒരു എണ്ണമെങ്കിലും സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

11. ഭരണ സമിതിയോഗത്തിലും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി, സ്റ്റിയറിംഗ് കമ്മിറ്റി, വാർഡ് ശുചിത്വാരോഗ്യ സമിതി എന്നിവിടങ്ങളിൽ ഇത് സംബന്ധിച്ച് കൃത്യമായ അവലോകനം നടത്തുക.

12. പുനഃചംക്രമണ സാധ്യമായ ഇ-മാലിന്യം ശേഖരിക്കുന്നവർക്ക് ഇ-മാലിന്യം പുനഃചംക്രമണം ചെയ്യുന്ന ഏജൻസിയുമായി കരാർ ഉണ്ടാകണം. ആപത്കരമായ ഇ-മാലിന്യം ശേഖരിക്കുന്ന ഏജൻസിക്ക് കേരള എൻവിറോ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡുമായി (KEIL) കരാറിലേർപ്പെടണം. ഇത്തരത്തിൽ കരാറിൽ ഏർപ്പെടാതെ ഇ-മാലിന്യം ശേഖരിക്കുന്നത് അനുവദനീയമല്ല. നിയമവിരുദ്ധമായി ഇ-മാലിന്യം ശേഖരിക്കുന്നവർക്കെതിരെ കർശന നിയമ നടപടി സ്വീകരിക്കണം.

13. ഇ-മാലിന്യം പൊതുവിടങ്ങളിൽ/ സ്ഥാപനങ്ങളുടെ പുറയിടങ്ങളിൽ അലക്ഷ്യമായി നിക്ഷേപിക്കുകയോ / സംഭരിക്കുകയോ ചെയ്യുന്നവർക്കെതിരെ കർശന നിയമ നടപടി

സ്വീകരിക്കേണ്ടതാണ്.

- **ഹരിത കർമ്മ സേന നടത്തേണ്ട പ്രവർത്തനങ്ങൾ**

1. എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഇ-മാലിന്യ ശേഖരണത്തിന്റെ വിവരം എത്തിക്കുകയും ഓരോ ഇ-മാലിന്യത്തിന്റെയും വില വിവരങ്ങൾ കൃത്യമായി അറിയിക്കുകയും ചെയ്യുക.

2. ഇ-മാലിന്യ ശേഖരണ ദിവസവും സമയവും മുൻകൂട്ടി വീടുകളിലും സ്ഥാപനങ്ങളിലും അറിയിക്കുക.

3. അപകടകരമായ ഇ-മാലിന്യം, പുനഃചംക്രമണ സാധ്യമായവ എന്നിങ്ങനെ തരം തിരിച്ച് സൂക്ഷിക്കുന്നതിനും കൈമാറുന്നതിനുമുള്ള നിർദ്ദേശം വീടുകളിലും സ്ഥാപനങ്ങളിലും എത്തിക്കുക.

4. അപകടകരമായ ഇ-മാലിന്യം, പുനഃചംക്രമണം സാധ്യമായ ഇ-മാലിന്യം എന്നിങ്ങനെ വേർതിരിച്ച് പ്രത്യേകമായി ശേഖരിക്കണം.

5. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഇ-മാലിന്യം ശേഖരിക്കുമ്പോൾ ഓരോ ഇനത്തിലും വരുന്ന പുന: ചക്രമണ സാധ്യമായ ഇ-മാലിന്യത്തിന്റെ വില കൃത്യമായി നിശ്ചയിച്ച് പണവും രസീതും ഗുണഭോക്താക്കൾക്ക് നൽകേണ്ടതാണ് .

6. ശേഖരണത്തിനായി നിശ്ചയിച്ചിട്ടുള്ള ദിവസം കൃത്യമായി ശേഖരണം നടത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം.

- **കുടുംബശ്രീ നടത്തേണ്ട പ്രവർത്തനങ്ങൾ**

1. അയൽക്കൂട്ടം വഴി ഇ-മാലിന്യ ശേഖരണത്തെ പറ്റിയുള്ള വിവരം എല്ലാ വീടുകളിലേക്കും എത്തിക്കണം

2. ഈ വിഷയത്തിൽ വാർഡുകളിലെ വാട്സാപ്പ് ഗ്രൂപ്പ് വഴി വിപുലമായ പ്രചരണം നടത്തേണ്ടതാണ്

3. വീട്ടിലെ അംഗങ്ങൾ ഒരുമിച്ച് ചേർന്ന് തീരുമാനിച്ച് വിൽക്കാനുള്ള ഇ-മാലിന്യങ്ങളെ പ്രത്യേകമായി മാറ്റി വെയ്ക്കുന്നതിനുള്ള തയ്യാറെടുപ്പ് നടത്തണമെന്നുള്ള അറിയിപ്പ് അയൽക്കൂട്ടങ്ങൾ വഴി നൽകുക

4. ആപത്കര ഇ-മാലിന്യം, പുനഃചംക്രമണ യോഗ്യമായ ഇ-മാലിന്യം എന്തൊക്കെയാണെന്നുള്ള അവബോധം അയൽക്കൂട്ടം വഴി നൽകുക

5. ആപത്കര ഇ-മാലിന്യങ്ങളായ ട്യൂബ് ലൈറ്റ്, ബൾബ് തുടങ്ങിയവ പൊട്ടിച്ച് പുറത്തേക്ക് വലിച്ചെറിഞ്ഞാൽ ഉണ്ടാകുന്ന പാരിസ്ഥിക പ്രശ്നങ്ങളെ പറ്റിയും ഇത്

വലിച്ചെറിയുന്നവർക്കെതിരെയുള്ള നിയമ നടപടികളെക്കുറിച്ചും അംഗങ്ങൾക്ക് അവബോധം നൽകുക.

- **ക്ലീൻ കേരള കമ്പനി നടത്തേണ്ട പ്രവർത്തനങ്ങൾ**

1. ഇ-മാലിന്യത്തിന്റെ ഇനം തിരിച്ചുള്ള വില വിവര പട്ടിക രേഖാമൂലം തദ്ദേശ സ്ഥാപനത്തിന് കൈമാറേണ്ടതാണ് .

2. ശേഖരണത്തിന് മുന്നോടിയായി ഹരിതകർമ്മ സേനയ്ക്ക് പരിശീലനം നൽകണം. ഏതൊക്കെ ഇ-മാലിന്യമാണ് ശേഖരിക്കുന്നത് ഇതിൽ പുനഃചംക്രമണ സാധ്യമായതും അപകടകരവുമായ ഇ-മാലിന്യങ്ങൾ ഏതൊക്കെയാണ്, ഓരോ ഇനത്തിന്റെയും വില, ശേഖരണ സമയത്ത് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവയാണ് പ്രധാനമായും പരിശീലനത്തിൽ ഉൾപ്പെടുത്തേണ്ടത്.

3. ശേഖരണം പൂർത്തിയാക്കി അറിയിപ്പ് ലഭിക്കുന്നതിനനുസരിച്ച് ശേഖരിച്ച ഇ-മാലിന്യം കൃത്യമായി ലിഫ്റ്റ് ചെയ്യുകയും അതിനുള്ള വില നൽകുകയും ചെയ്യണം.

4. കംപ്യൂട്ടർ, ലാപ്ടോപ്, മൊബൈൽ ഫോൺ തുടങ്ങിയ ഡിജിറ്റൽ വിവരങ്ങൾ സംഭരിച്ചിട്ടുള്ള ഉപകരണങ്ങളുടെ കൈമാറ്റം ചെയ്യൽ എങ്ങനെ എന്ന് പാഴ് വസ്തു കൈമാറുന്ന സ്ഥാപനങ്ങൾ / വ്യക്തികൾക്ക് അറിയാനുള്ള ക്രമീകരണം ഉണ്ടാക്കുക.

- **ശുചിത്വ മിഷൻ നടത്തേണ്ട പ്രവർത്തനങ്ങൾ**

1. ഇ-മാലിന്യ ശേഖരണത്തിന്റെ പ്രചാരണത്തിന് ആവശ്യമായ IEC (Information Education Communication) പ്ലാൻ തയ്യാറാക്കുകയും അവ നടപ്പിലാക്കുന്നതിനുള്ള പിന്തുണ നൽകുകയും ചെയ്യുക.

2. ഇ-മാലിന്യ ശേഖരണത്തിന്റെ വിജയത്തിനായി കൃത്യമായ മേൽനോട്ടവും മാർഗ്ഗനിർദ്ദേശവും നിരീക്ഷണവും ഉറപ്പാക്കുക

3. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ആവശ്യമായ സാങ്കേതിക മാർഗ്ഗനിർദ്ദേശം നൽകുക.

4. ഇ-മാലിന്യ ശേഖരണം, കൈകാര്യം ചെയ്യൽ, സുരക്ഷിതമായി സൂക്ഷിക്കൽ എന്നിവ സംബന്ധിച്ച് ഹരിത കർമ്മ സേനയ്ക്ക് കൃത്യമായ അവബോധം നൽകണം.

*********************

അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

കോർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി- 2
പ്രിൻസിപ്പൽ ഡയറക്ടർ, LSGD, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്,തിരുവനന്തപുരം
പ്രോജക്ട് ഡയറക്ടർ, കെ എസ് ഡബ്ല്യൂ എം പി
ഡയറക്ടർ ജനറൽ, കില
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫൊർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള, തിരുവനന്തപുരം
ഡയറക്ടർ(I&PRD), വെബ് & മീഡിയ

ഉത്തരവിൻ പ്രകാരം
Signed by
Manish V V
Date: 06-10-2025 10:46:14
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ. ക്ക്